# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001

നമ്പർ : CGRF – 2652/24

തിയ്യതി : 10.06.2024

ഹാജർ

ടി.എസ്. ജോസ് - ചെയർപേഴ്സൺ
കെ.വിനുകൃഷ്ണൻ - മെമ്പർ
അഡ്വ.അസിയ.പി.കെ - മെമ്പർ

1. ശ്രീ. ഡേവിഡ് സാജ് മാത്യു
   പുളിക്കപ്പറമ്പിൽ ഹൗസ്
   ഈസ്റ്റ്ഫോർട്ട്.പി.ഒ, തൃശ്ശൂർ
2. ശ്രീമതി. അപർണ. എം. ബാബു
   കിരൺ രമേഷ്
   മേക്കാടി ഹൗസ്
   കാടുകുറ്റി, തൃശ്ശൂർ

പരാതിക്കാർ

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001

എതിർകക്ഷി

## പരാതിയുടെ സംക്ഷിപ്ത രൂപം :

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിലെ 13904-എ കണക്ഷനിലെ 72,048/-രൂപയുടെ കുടിശിക നോട്ടീസിനെതിരെയാണ് പരാതി സമർപ്പിച്ചിട്ടുള്ളത്. ടി കുടിശിക അടവാക്കാത്തതിനാൽ, വൈദ്യുതി കണക്ഷൻ ഡിസ്കണക്റ്റ് ചെയ്യരുതെന്നാണ് പരാതിക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്.

1. ഒന്നാം നമ്പർ പരാതിക്കാരൻ തൃശ്ശൂർ കോർപ്പറേഷനിലെ 1085/5 നമ്പർ കെട്ടിടത്തിന്റെ ഉടമസ്ഥനും പ്രിൻസിപ്പൽ തസ്തികയിൽ വിരമിച്ചയാളുമാണ്. ആഗസ്ത് മാസം 2023 മുതൽ കെട്ടിട നമ്പർ 1085/5/1, 1085/5/2 എന്നിവയിലെ വാടകക്കാരനാണ് രണ്ടാമത്തെ പരാതിക്കാരൻ.തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിയാണ് എതിർകക്ഷി.
2. രണ്ടാം നമ്പർ പരാതിക്കാരൻ വാടകക്കെടുത്ത 1085/5/1, 1085/5/2 എന്നീ റൂമുകളിൽ തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം 13904 - A കൺസ്യൂമർ നമ്പറിൽ ഒരൊറ്റ കണക്ഷൻ അനുവദിച്ചിട്ടുണ്ട്. മുറി വാടകയ്ക്ക് എടുത്ത അന്നുമുതൽ വരുന്ന വൈദ്യുതി ബില്ലുകളെല്ലാം തന്നെ പരാതിക്കാരൻ വീഴ്ച്ച വരുത്താതെ അടവാക്കി വരുന്നതാണ്. ആയതിന് പരാതിക്കാരന് രശീതിയും ലഭ്യമാക്കാറുണ്ട്.
3. ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 125 പ്രകാരം 04/2022, 06/2022, 08/2022 മാസങ്ങളിലെ ശരാശരി ഉപഭോഗം കണക്കാക്കി, ടി ബില്ലുകൾ പരിഷ്ക്കരിച്ചതിനെ തുടർന്ന് അഡ്ജസ്റ്റ്മെന്റ് ഇനത്തിൽ 72,048/- രൂപ അടവാക്കേണ്ടതാണ് എന്ന് കാണിച്ച് 12.12.2023

തീയ്യതി പ്രകാരം ഒന്നാം നമ്പർ പരാതിക്കാരന് വൈദ്യുതി വിഭാഗത്തിൽ നിന്ന് ഒരു അറിയിപ്പ് ലഭിക്കുകയുണ്ടായി.

4. പരാതി ഉന്നയിച്ച് പരാതിക്കാർ തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിയെ സമീപിക്കുകയും 25.01.2024 തീയ്യതി പ്രകാരം പരാതി സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ 02/2024 തീയ്യതിയിലെ ബിൽ തുകയോടൊപ്പം 72,048/- രൂപ കൂടി അടവാക്കേണ്ടതാണ്. എന്നാണ് എതിർകക്ഷിയിൽ നിന്ന് ലഭ്യമായ മറുപടി.

5. ശരാശരി ബിൽ തുകയുടെ അടിസ്ഥാനത്തിൽ കൃത്യമായ ഒരു കാരണം കൂടാതെ എതിർകക്ഷി സമർപ്പിച്ച ബിൽ തുക അടിസ്ഥാന രഹിതമാണ്. എതിർകക്ഷി പ്രദാനം ചെയ്ത ഒരു യൂണിറ്റ് വൈദ്യുതി പോലും പരാതിക്കാർ ഉപയോഗിച്ചിട്ടില്ലാത്തതാണ്. പരാതിക്കാർ അധിക വൈദ്യുതി ഉപയോഗിച്ചിട്ടുണ്ട് എന്ന് എതിർകക്ഷി അവകാശപ്പെട്ടിട്ടില്ലാത്തതാണ്. എതിർകക്ഷി നാളിതുവരെ നൽകിയിട്ടുള്ള മുഴുവൻ ബിൽ തുകകളും ഒരു രൂപ പോലും കുടിശ്ശിക വരുത്താതെ പരാതിക്കാർ അടവാക്കിയിട്ടുള്ളതുമാണ്.

6. വൈദ്യുതി ഉപയോഗിച്ച ഇനത്തിൽ ടി കാലയളവിൽ എതിർകക്ഷി നൽകിയിട്ടുള്ള ബില്ലുകളെല്ലാം തന്നെ പരാതിക്കാർ അടവാക്കിയിട്ടുള്ളതാണ്. ആയതിൽ എതിർകക്ഷി പരാതി ഒന്നും ഉന്നയിച്ചിട്ടില്ലാത്തതാണ്. പരാതിക്കാർ അടിസ്ഥാന രഹിതമായ ആവശ്യമാണ് എതിർകക്ഷിക്കെതിരെ ഉന്നയിച്ചിട്ടുള്ളത്.

7. തന്റെ ഏക ഉപജീവനമാർഗ്ഗമായ ഫിഷ് അക്വേറിയം നടത്തി വരുകയാണ് രണ്ടാം നമ്പർ പരാതിക്കാരൻ. അക്വേറിയത്തിലേക്ക് ആവശ്യമായ ഓക്സിജൻ പ്രദാനം ചെയ്യുന്നതിന് വൈദ്യുതി കണക്ഷൻ വളരെ പ്രധാനപ്പെട്ട ഒന്നാണ്.

8. വൻതുക മുതൽ മുടക്കി അക്വേറിയത്തിന്റെ പരിപാലനവും മറ്റും നടത്തി വരുന്ന പരാതിക്കാരനെ സംബന്ധിച്ചിടത്തോളം വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിലൂടെ അക്വേറിയത്തിലെ ജീവജാലങ്ങളുടെയും മത്സ്യങ്ങളുടെയും നാശത്തിലൂടെ ഭീമമായ തുക നഷ്ടം സംഭവിക്കുന്നുണ്ട്. 02/2024 മാസത്തിലെ ശരിയായ ഉപയോഗത്തിന്റെ തുക അടവാക്കുവാൻ പരാതിക്കാർ തയ്യാറാണ്.

9. ഈ സാഹചര്യത്തിൽ പരാതിക്കാരുടെ കെട്ടിടത്തിലേയ്ക്കുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന തീരുമാനത്തിൽ നിന്ന് എതിർകക്ഷിയെ പിന്തിരിപ്പിക്കുന്നതിന് ഒരു ഇടക്കാല ഉത്തരവ് ബഹു. ഫോറത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ വസ്തുതകളും എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യവും യാഥാർത്ഥ്യവുമാണ്.

ഫോറത്തിന്റെ നടപടികൾ :

09.04.2024 ൽ ഫോറം പരാതി സ്വീകരിച്ചു. പരാതിയുടെ പകർപ്പ് സഹിതം പരാതിയെ സംബന്ധിച്ചുള്ള സത്യവാങ്മൂലം ലഭ്യമാകുന്നതിനായി ലൈസൻസിക്ക് നൽകി.

03.05.2024 ൽ ലൈസൻസിയുടെ സത്യവാങ്മൂലം ലഭിച്ചു. ആയത് ഇപ്രകാരമാണ്.

13904 - A കണക്ഷൻ വാണിജ്യാവശ്യത്തിനായി ശ്രീ. ഡേവിഡ് സാജു മാത്യുവിന്റെ പേരിൽ 08.06.2012 ൽ നൽകിയിട്ടുള്ളതാണ്. ടി കണക്ഷനിൽ ഏപ്രിൽ 2022 മുതൽ ആഗസ്ത് 2022 വരെയുള്ള 3 ബില്ലുകൾ ടി കണക്ഷന്റെ മീറ്റർ തകരാറായതിനാൽ യഥാക്രമം. ശരാശരി 46, 61, 78 യൂണിറ്റ് പ്രകാരമാണ് നൽകിയിട്ടുള്ളത്. എന്നാൽ 26.08.2022 ൽ ടി കണക്ഷന്റെ മീറ്റർ മാറ്റിയതിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ 2022 ൽ 2421 യൂണിറ്റിന് ബിൽ നൽകിയിട്ടുണ്ട്.

മീറ്റർ മാറ്റിയതിന് ശേഷം ടി കണക്ഷന്റെ ഒക്ടോബർ 2022 മുതൽ ഫെബ്രുവരി 2023 വരെയുള്ള കാലഘട്ടത്തിലെ ഉപഭോഗം അനുസരിച്ച് മീറ്റർ ഫാൾട്ടി കാലഘട്ടത്തിലെ ബില്ലുകൾ റിവൈസ് ചെയ്തിട്ടുണ്ട്. കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് സെക്ഷൻ 125 പ്രകാരം ടി കണക്ഷന്റെ ഏപ്രിൽ 2022 മുതൽ ആഗസ്ത് 2022 വരെയുള്ള ബില്ലുകൾ മീറ്റർ മാറ്റിയതിന് ശേഷം ഒക്ടോബർ 2022, ഡിസംബർ 2022, ഫെബ്രുവരി 2023 ബില്ലുകളുടെ ശരാശരി ഉപയോഗമായ 2362 യൂണിറ്റിന്റെ അടിസ്ഥാനത്തിൽ റിവൈസ് ചെയ്ത പ്രകാരം കുടിശ്ശിക വകയിൽ 72,048/- രൂപ ഫെബ്രുവരി 2024 ബില്ലിനോടൊപ്പം ചേർത്ത് അടക്കുന്നതിനാണ് കൺസ്യൂമർക്ക് 12.12.2023 ൽ അറിയിപ്പ് നൽകിയിട്ടുള്ളതാണ്.

എന്നാൽ ടി അറിയിപ്പ് ഉപഭോക്താവായ ശ്രീ. ഡേവിഡ് സാജ് മാത്യുവിന്റെ പേരിൽ നൽകിയിട്ടുണ്ട്. എന്നാൽ 25.01.2024 ൽ വാടകാരനായ ശ്രീ. അപർണ ബാബു നൽകിയ അപേക്ഷയിൽ ഒക്ടോബർ 2023 മുതലാണ് ടി കണക്ഷൻ നിലനിൽക്കുന്ന സ്ഥാപനത്തിന്റെ ലൈസൻസി എടുത്തിട്ടുള്ളതെന്നും പ്രസ്തുത കുടിശ്ശിക അതിനു മുൻപുള്ള വ്യക്തിയുടെ കുടിശ്ശികയാണെന്നും പ്രസ്തുത കുടിശ്ശിക ബില്ലിൽ നിന്ന് ഒഴിവാക്കിത്തരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രസ്തുത കുടിശ്ശിക അടക്കേണ്ട ഉത്തരവാദിത്വം ഉപഭോക്താവായ ശ്രീ. ഡേവിഡ് സാജ് മാത്യുവിനാണെന്നും പ്രസ്തുത കുടിശ്ശിക ഒഴിവാക്കാൻ കഴിയില്ല എന്ന് സൂചിപ്പിച്ചുകൊണ്ട് 01.03.2024 ൽ ശ്രീ. ഡേവിഡ് സാജ് മാത്യുവിന് വീണ്ടും അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. മീറ്റർ മാറ്റിയതിന് ശേഷമുള്ള ടി കണക്ഷന്റെ ഉപയോഗം ഇതോടൊപ്പം ചേർക്കുന്നു.

| Month | Unit | Month | Unit |
|---|---|---|---|
| 10/22 | 2421 | 08/23 | 1756 |
| 12/22 | 2389 | 10/23 | 1796 |
| 02/23 | 2275 | 12/23 | 1608 |
| 04/23 | 2040 | 02/24 | 1677 |
| 06/23 | 1923 | | |

02/23 വരെ ശരാശരി ഉപയോഗം = 2362

2421 + 2389 + 2275 = 7085/3 = 2362

ടി കണക്ഷൻ ഫിഷ് ലൈവ് സ്റ്റോക്കിന്റെ ആയതിനാൽ ബിൽ തുക ഒടുക്കു വരുത്തിയിട്ടില്ലെങ്കിൽ കൂടി മാനുഷിക പരിഗണന വെച്ച് വിച്ഛേദിച്ചിട്ടില്ലാത്തതാണ്.

ഫെബ്രുവരി 2024 ലെ ബിൽ റിവിഷൻ കുടിശ്ശിക ചേർത്തത് പ്രകാരം അടക്കേണ്ട തുക 92,338/- രൂപയാണ്. പ്രസ്തുത കുടിശ്ശിക പിഴ കൂടാതെ അടയ്ക്കേണ്ട അവസാന തിയതി 24.02.2024 ഉം ഡിസ്കണക്ഷൻ തിയതി 12.03.2024 ഉം ആണ്. 30.03.2024 തിയതിയിൽ പ്രസ്തുത കുടിശ്ശിക 15 ദിവസത്തിനുള്ളിൽ അടക്കാത്ത പക്ഷം റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സൂചിപ്പിച്ചുകൊണ്ട് രജിസ്ട്രേഡ് കത്ത് നൽകിയിട്ടുണ്ട്.

മീറ്റർ മാറ്റിയതിനു ശേഷം ലഭിക്കുന്ന റീഡിംഗുകളുടെ അടിസ്ഥാനത്തിൽ മീറ്റർ
ഫാൾട്ടി ബില്ലുകൾ റിവൈസ് ചെയ്യുന്നതിനും undercharged bill കൾ revise ചെയ്യുന്നതിനും
K.E.S.C. 125, 135 നിയമങ്ങൾ അനുശാസിക്കുന്നുണ്ട്. ആയത് നടപ്പിലാക്കുക മാത്രമാണ്
വൈദ്യുതി വിഭാഗം ചെയ്തിട്ടുള്ളത്.

രണ്ടു മാസം വൈദ്യുതി ഉപയോഗിച്ചതിനു ശേഷം ഉപഭോക്താവിന് നൽകുന്ന
മേൽ ഉപഭോഗത്തിന് ബില്ലുകൾ കാലവിളംബം കൂടാതെ ഒടുക്കു വരുത്തേണ്ടത്
ഉപഭോക്താവിൻെറ കർത്തവ്യമാണ്. അല്ലാത്തപക്ഷം ലൈസൻസിക്ക് ആവശ്യമായ
നിയമനടപടികളും, ഡിസ്കണക്ഷൻ, റവന്യൂ റിക്കവറി മുതലായ നടപടികളും
സ്വീകരിക്കേണ്ടി വരുന്നതാണ്. ടി കണക്ഷനിൽ ഫെബ്രുവരി 2024 ബിൽ കുടിശ്ശിക
വകയിൽ 92,338/- രൂപ + ഏപ്രിൽ 2024 ബിൽ തുക വകയിൽ 17,059/- രൂപയും ചേർത്ത്
1,09,397/- + പലിശ + റീ കണക്ഷൻ അടക്കാനുണ്ട്. ഏപ്രിൽ 2024 ബിൽ പിഴ കൂടാതെ
അടയ്ക്കേണ്ട തിയതി 19.04.2024 ഉം ഡിസ്കണക്ഷൻ തിയതി 04.05.2024 തീയതിയുമാണ്.
TCED യുടെ ഉപഭോക്താവ് ഡേവിഡ് സാജ് മാത്യു എന്നവർ മാത്രമാണ്. കരാർ
നിയമപ്രകാരം ബാദ്ധ്യസ്ഥനായ ഉപഭോക്താവിൽ നിന്നും തുക ഈടാക്കുന്നതിന്
നടപടികൾ സ്വീകരിക്കുന്നതാണ് അഭിലഷണീയം.

ൽ ഫോറം മുൻപാകെ ഹാജരാകുന്നതിന്
ഇതിനെ തുടർന്ന് 15.05.2024 ൽ ശ്രീ. ഡേവിഡ്
പരാതിക്കാർക്കും എതിർകക്ഷികൾക്കും നോട്ടീസ് നൽകി. 15.05.2024 ൽ ശ്രീ. ഡേവിഡ്
സാജ് മാത്യു, അപർണ, കിരൺ എന്നിവർ പരാതിക്കാരും, എതിർകക്ഷിക്കു വേണ്ടി ശ്രീ.
ഷെമീർ. എൻ., ശ്രീമതി. റീന. സി.ജെ., ശ്രീ. അജിത്കുമാർ. കെ.കെ. എന്നിവരും
ഹാജരായി.

13904 - A എന്ന വൈദ്യുതി കണക്ഷൻ 08.06.2012 ൽ എടുത്തിട്ടുള്ളതായും 04/22 -
08/22 വരെയുള്ള ബിൽ തുകകൾ യഥാസമയം അടച്ചിട്ടുള്ളതായും ഡേവിഡ് സാജ് മാത്യു
ഫോറം മുൻപാകെ അറിയിച്ചു. 26.08.2022 ൽ മീറ്റർ മാറ്റി വച്ചിട്ടുള്ളതാണ്.

ആഗസ്ത് - 23 മുതൽ പുതിയ വാടകക്കാർ നിലവിലുള്ളതായും ടിയാൻ
അറിയിച്ചു. മീറ്റർ ഫോൾട്ട് ആയ വിവരം അറിയില്ലാത്തതാണെന്നും ടിയാൻ ഫോറം
മുൻപാകെ ബോധിപ്പിച്ചു.

ടി കണക്ഷൻ ഫാത്തിമ നഗറിലുള്ള 2 മുറികളുള്ള ഒരു ഷോപ്പിൻെറ
കണക്ഷനാണെന്നും ടി കണക്ഷനിൽ 04/22 , 06/22, 08/22 എന്നീ മാസങ്ങളിലെ ബില്ലുകൾ
മീറ്റർ ഫാൾട്ടി ആയി ചെയ്തിട്ടുള്ളതും, പുതിയ മീറ്റർ മാറ്റി വെച്ചതിന് ശേഷമുള്ള മൂന്ന്
ബില്ലുകളുടെ ആവറേജിന് ആനുപാതികമായി മേൽ ബില്ലുകൾ റിവൈസ്
ചെയ്തിട്ടുള്ളതായും ടി ഇനത്തിൽ 72,048/- രൂപ അടയ്ക്കുന്നതിന് ബില്ലിംഗ് സെക്ഷനിൽ
നിന്നും നോട്ടീസ് നൽകിയിട്ടുള്ളതായും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. നിലവിലെ 2
മുറികളിൽ ഒരെണ്ണം പൊളിച്ച് (8/547/2) മാറ്റി പുതിയ ഒരു സർവ്വീസ് കണക്ഷൻ
എടുക്കുന്നതിനുള്ള നടപടികൾ ശ്രീ. ഡേവിഡ് സാജ് മാത്യു സ്വീകരിച്ചു വരുന്നതായി
അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. 2022 - 24 കാലഘട്ടത്തിൽ, ടി ബിൽഡിങ്ങിലെ purpose
-ലോ, കണക്ടഡ് ലോഡിലോ മാറ്റം വന്നിട്ടില്ലാത്തതാണെന്നും കുടിശ്ശിക തുക
അടയ്ക്കേണ്ടതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ ഫോറം മുൻപാകെ ബോധിപ്പിച്ചു.

ബില്ലുകൾ റിവൈസ് ചെയ്യുവാനുണ്ടായ കാരണവും ആയത് ഉപഭോക്താവിനെ അറിയിച്ചിരുന്നുവോയെന്നും ശ്രീ. വിനുകൃഷ്ണൻ (മെമ്പർ) ലൈസൻസിയോട് ആരായുകയുണ്ടായി.

2023 ഡിസംബറിൽ ഉപഭോക്താവിന് അറിയിപ്പ് നൽകിയിരുന്നതായും പിന്നീടുള്ള ബില്ലിൽ (2/24) കുടിശ്ശിക (72048/-) ചേർത്ത് നൽകിയിരുന്നതായും ബില്ലിംഗ് സൂപ്രണ്ട് അറിയിച്ചു. ഉപഭോക്താവിന് അറിയിപ്പ് നൽകുന്നതിൽ കാലതാമസം വന്നിട്ടുള്ളതായി ടിയാരി ഫോറം മുൻപാകെ അറിയിച്ചു. ടി മുറി വാടകക്കാരന് നൽകിയിട്ടുള്ള കാര്യം ലൈസൻസിയെ അറിയിച്ചിട്ടില്ലാത്തതാണ്.

MF ബില്ലുകൾ റിവൈസ് ചെയ്തിട്ടുള്ളത് KESC - 125, 135 നിയമങ്ങൾ പ്രകാരമാണെന്നും ടി തുക അടയ്ക്കേണ്ടതാണെന്നും ബില്ലിംഗ് സൂപ്രണ്ട് അറിയിച്ചു. ഉപഭോക്താവ് ആവശ്യപ്പെടുന്ന പക്ഷം തുക അടയ്ക്കുന്നതിന് ഇൻസ്റ്റാൾമെന്റ് അനുവദിക്കാവുന്നതാണെന്നും ഫോറം മുൻപാകെ ബോധിപ്പിച്ചു.

കരാർ എടുത്ത് കഴിഞ്ഞ് ആദ്യ മാസങ്ങളിൽ വൈദ്യുതി ഉപഭോഗം കുറവായിരുന്നുവെന്ന് കിരൺ രമേഷ് അറിയിച്ചു. കട പൊളിച്ചു പകുതിയാക്കുന്ന സമയം അക്വേറിയം പ്രവർത്തനരഹിതമായിരുന്നുവെന്നും കടുത്ത സാമ്പത്തിക പ്രശ്നം ഉള്ളതായും ടിയാൻ ഫോറം മുൻപാകെ ബോധിപ്പിച്ചു.

വിഷയം, ഫോറം വിശദമായി ചർച്ച ചെയ്തു. വാടകക്കരാറിന്റെ പകർപ്പ് ഹാജരാക്കുന്നതിന് ഫോറം പരാതിക്കാരോട് നിർദ്ദേശിച്ചു. ആയത് പരിശോധിച്ചതിനു ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. അന്തിമവിധിയാകുന്നതുവരെ ഒരു ഇടക്കാല ഉത്തരവ് ഇറക്കുന്നതിനും ഫോറം തീരുമാനിച്ചു.

കുടിശ്ശിക തുക തൽക്കാലം ഒഴിവാക്കി യഥാർത്ഥ ഉപഭോഗത്തിന്റെ ബില്ലുകൾ അടയ്ക്കുവാൻ അനുമതി നൽകുന്നതിനും ടി വിഷയത്തിൽ അന്തിമ തീരുമാനമാകുന്നതുവരെ ഡിസ്കണക്ഷൻ നടപടികൾ സ്വീകരിക്കരുതെന്ന് ലൈസൻസിയോട് നിർദ്ദേശിച്ചുകൊണ്ടും ഇടക്കാല ഉത്തരവ് ഇറക്കുന്നതിന് ഫോറം തീരുമാനിക്കുകയുണ്ടായി. ഇപ്രകാരം 20.05.2024 ൽ ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു.

<u>ഫോറത്തിന്റെ അവലോകനം :</u>

13904 - A എന്ന വൈദ്യുതി കണക്ഷൻ ശ്രീ. ഡേവിഡ് സാജു് മത്യുവിന്റെ പേരിൽ 08.06.12 ൽ അനുവദിച്ചിട്ടുള്ളതാണ്. 04/22 മുതൽ 08/22 വരെയുള്ള 3 ബില്ലുകൾ മീറ്റർ തകരാറായതിനാൽ യഥാക്രമം 46,61,78 യൂണിറ്റ് പ്രകാരമാണ് നൽകിയിട്ടുള്ളത്. 22.08.2022 ൽ മീറ്റർ മാറ്റി വച്ചു. തുടർന്ന് 10/22 ൽ 2421 യൂണിറ്റ്, 12/21 ൽ 2381 യൂണിറ്റ്, 02/23 ൽ 2275 യൂണിറ്റ്, 04/23 ൽ 2040 യൂണിറ്റ് 06/23 ൽ 1923 ൽ, 08/23 1756, 10/23 - 1796ഷ 12/23 - 1608 യൂണിറ്റ്, 02/24 - 1677 എന്നിങ്ങനെയാണ് യൂണിറ്റ് വന്നിട്ടുള്ളത്. ഇവിടെ ഒരു അക്വേറിയം ആവശ്യത്തിനാണ് വൈദ്യുതി ഉപയോഗിച്ചു വരുന്നത്. പുതിയതായി വന്നിട്ടുള്ള ബില്ലുകളിൽ അപേക്ഷകന് പരാതി ഇല്ലാത്തതാണ്. പരാതിക്കാരൻ ഹാജരാക്കിയ സമ്മതപത്രത്തിൽ 02.02.2022 മുതൽ തൃശ്ശൂർ അക്വേറിയം എന്ന സ്ഥാപനം നടത്തുന്നതിന് ശ്രീ. ക്ലിന്റൺ. പി. മാത്യുവിന് വാടകക്ക് നൽകിയിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടുണ്ട്. മീറ്റർ തകരാറായ കാലഘട്ടത്തിലും ഇവിടെ

അക്വേറിയം പ്രവർത്തിച്ചു വരികയാണ് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഫോറത്തെ അറിയിച്ചു. ആഗസ്റ്റ് 2023 മുതലാണ് പുതിയ വാടകക്കാർ വരുന്നത്. 26.08.2022 ൽ മീറ്റർ മാറ്റിയതിനു ശേഷം മുൻ റീഡിംഗ് വ്യക്തമല്ലാത്ത സാഹചര്യത്തിൽ, തുടർന്ന് വന്നിട്ടുളള 3 ബില്ലുകളുടെ അടിസ്ഥാനത്തിൽ ബില്ലുകൾ റിവൈസ് ചെയ്ത് നൽകുന്നത് ആണ് നിയമം. As per Supply code . 125. "In the case of defective or damaged meter, the consumer shall be billed on the basis of average consumption of the past three billing cycles immediately preceding the date of the meter being found or reported defective: Provided that, the average shall be computed from the three billing cycles after the meter is replaced if required details pertaining to previous billing cylces are not available."

മീറ്റർ മാറ്റി വെച്ച ശേഷം under changed bill കൾ ആയതിനാൽ തൊട്ടു മുൻ മാസങ്ങളിലെ 3 ബില്ലുകൾ റിവൈസ് ചെയ്ത 12.12.2023 ൽ അറിയിപ്പ് നൽകുകയുണ്ടായി.

എന്നാൽ 16.08.2023 ൽ പുതിയ വാടക്കാരൻ നിലവിൽ വന്നു. 16.08.2023 ലെ കരാർ പരാതിക്കാരൻ ഹാജരാക്കിയിട്ടുണ്ട്. വൈദ്യുതി ബിൽ അടക്കുക എന്നത് ഈ കരാറിന്റെ ഭാഗമാണ്. 116.08.2023 മുതലാണ് പരാതിക്കാരി അപർണ ഈ കെട്ടിടം വാടകക്ക് എടുത്തിട്ടുളളത്. എന്നാൽ 02.02.2022 മുതൽ ഈ കെട്ടിടം തൃശ്ശൂർ അക്വേറിയം എന്ന സ്ഥലം നടത്തുന്നതിന് ക്ലിന്റൺ. സി. മാത്യു എന്നവർക്ക് വാടകക്ക് നൽകിയിട്ടുളള സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്.

<u>ഫോറത്തിന്റെ നിഗമനം :</u>

ലഭിച്ചിരിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ 02.02.2022 മുതൽ ഒരു അക്വേറിയം പ്രവർത്തിച്ചുവരുന്നു. മീറ്റർ കേടായതിനെ തുടർന്ന് 26.08.2022 ൽ മീറ്റർ മാറ്റി വച്ചതിന് ശേഷം തുടർന്ന് വന്നിട്ടുളള 6 മാസത്തെ ബില്ലുകളുടെ അടിസ്ഥാനത്തിൽ 2362 യൂണിറ്റ് ആവറേജ് കണക്കാക്കി, under billed unit ന് ബിൽ നൽകി. റിവൈസ്ഡ് ബിൽ നൽകിയത് 12.12.2023 ലാണ്. ഈ സമയത്ത് അക്വേറിയം പുതിയ നടത്തിപ്പുകാരി അപർണ ഏറ്റെടുത്തത് ടിയാരിയുടെ കാലഘട്ടത്തിൽ അല്ലാതിരുന്നതിനാൽ ടിയാരി കുടിശ്ശിക അടക്കുന്നതിന് വിസമ്മതം അറിയിച്ചിരുന്നു. ബിൽ റിവൈസ് ചെയ്ത കാലഘട്ടത്തിൽ ഇവിടെ അക്വേറിയം പ്രവർത്തിച്ചിരുന്നതായി പരാതിക്കാരും, അസിസ്റ്റന്റ് എഞ്ചിനീയറും, വാടക ചീട്ടിൽ നിന്നും വ്യക്തമാകുന്നത്. As per Reg. 134, "If the licensee establishes either by review or otherwise, that it has undercharged the consumer, the licensee may recover the amount so undercharged from the consumer by issuing a bill and in such cases at least thirty days shall be given to the consumer for making payment of the bill."

<u>ഉത്തരവ്</u>

റെഗുലേഷൻ 125, 134 പ്രകാരം മീറ്റർ കേടായി വന്ന ബിൽ തുടർന്നു വന്നിട്ടുളള 3 ബില്ലുകളുടെ അടിസ്ഥാനത്തിൽ റിവൈസ് ചെയ്തു നൽകിയ ലൈസൻസിയുടെ നടപടി അംഗീകരിക്കുന്നു. പരാതിക്കാരി 16.08.2023 ൽ മാത്രമാണ് അക്വേറിയം എടുത്തിട്ടുളളത് എന്നതിനാൽ 13904 - A എന്ന വൈദ്യുതി കണക്ഷന്റെ ഉപഭോക്താവായ പരാതിക്കാരൻ ശ്രീ. ഡേവിഡ് സാജ് മാത്യു പരാതി കാലഘട്ടത്തിലെ കുടിശ്ശിക അടവാക്കുന്നതിന് ഉത്തരവാകുന്നു.

| | | |
|---|---|---|
| അഡ്വ. അസിയ.പി.കെ<br>മെമ്പർ | വിനുകൃഷ്ണൻ.കെ<br>മെമ്പർ | ടി.എസ്. ജോസ്<br>ചെയർപേഴ്സൺ |